16-7-2004-ലേയ്ക്ക് നിശ്ചയിച്ചിരുന്ന നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

സർക്കാർ പാട്ടത്തിനു നൽകിയ ഭൂമി

237 [2290] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ഏതെല്ലാം താലൂക്കുകളിലായി ഏതെല്ലാം പ്രദേശത്ത് എത്ര ഏക്കർ റവന്യൂ ഭൂമി ഉണ്ടെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ സർക്കാർ പാട്ടത്തിനു നൽകിയവയുണ്ടോ; എങ്കിൽ ഏതെല്ലാം ഭൂമി ആർക്കെല്ലാമാണ് പാട്ടത്തിനു നൽകിയിരിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) നിലവിൽ പാട്ടത്തിലെടുക്കാൻ റവന്യൂ വകുപ്പിൽ അപേക്ഷ നൽകിയവരെത്ര; ഏതെല്ലാം ഭൂമിക്കു വേണ്ടിയാണ് അപേക്ഷ ലഭിച്ചിട്ടുള്ളത്;

(ഡി) റവന്യൂ ഭൂമി പാട്ടത്തിന് നൽകുന്നത് സംബന്ധിച്ച് വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിലെ കോഴിക്കോട് താലൂക്കിൽ 148.20 ഏക്കർ റവന്യൂ ഭൂമിയും, കൊയിലാണ്ടി താലൂക്കിൽ 1103.20 ഏക്കർ റവന്യൂ ഭൂമിയും, വടകര താലൂക്കിൽ 113.62 ഏക്കർ റവന്യൂ ഭൂമിയും ഉണ്ട്. കണ്ണൂർ ജില്ലയിലെ കണ്ണൂർ താലൂക്കിൽ 57.38 ഏക്കർ റവന്യൂ ഭൂമിയും തലശ്ശേരി താലൂക്കിൽ 116.46 ഏക്കർ റവന്യൂ ഭൂമിയും തളിപ്പറമ്പ് താലൂക്കിൽ 10.44 ഏക്കർ റവന്യൂ ഭൂമിയും ഉണ്ട്.

(ബി) കോഴിക്കോട് ജില്ലയിൽ 60.53 ഏക്കർ ഭൂമിയും കണ്ണൂർ ജില്ലയിൽ 120.08 ഏക്കർ ഭൂമിയും പാട്ടത്തിന് നൽകിയിട്ടുണ്ട്. പ്രസ്തുത ഭൂമി പാട്ടത്തിന് നൽകിയവരുടെ പേരു വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

(സി) കോഴിക്കോട് ജില്ലയിൽ 47 പേരും കണ്ണൂർ ജില്ലയിൽ തലശ്ശേരി താലൂക്കിൽ 12 പേരും തളിപ്പറമ്പ് താലൂക്കിൽ 8 പേരും അപേക്ഷ നൽകിയിട്ടുണ്ട്. ഏതെല്ലാം ഭൂമിക്കു വേണ്ടിയാണ് എന്ന വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരമാണ് പഞ്ചായത്ത് പ്രദേശങ്ങളിൽപ്പെട്ട റവന്യൂ ഭൂമി പാട്ടത്തിന് നൽകുന്നത്. 1995-ലെ മുനിസിപ്പൽ/കോർപ്പറേഷൻ മേഖലയിലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരമാണ് പ്രസ്തുത മേഖലയിൽ ഉൾപ്പെടുന്ന റവന്യൂ ഭൂമി പാട്ടത്തിന് നൽകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly